(ബി) ഈ സംഭവം സംബന്ധിച്ച് അന്വേഷണം ക്രൈം ബ്രാഞ്ച പൂർത്തിയാക്കിയോ;

(സി) എങ്കിൽ കേസ് ചാർജ്ജ് ചെയ്യാൻ കാലവിളംബം ഉണ്ടാകുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ഡി) കേസ് ഉടൻ ചാർജ്ജ് ചെയ്യാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ജോസ് സെബാസ്റ്റ്യൻ മരണപ്പെട്ടത് 12-11-1985-ലാണ്.

(ബി) അന്വേഷണം പൂർത്തിയാക്കിയിട്ടുണ്ട്.

(സി) ഹാൻറ് റൈറ്റിംഗ് എക്സ്പെർട്ടിന്റെ വിദഗ്ദ്ധ അഭിപ്രായം കൂടി കിട്ടാനുള്ളതുകൊണ്ട്.

(ഡി) വേണ്ട നടപടികളും സ്വീകരിച്ചിട്ടുണ്ട്.

മുരളീധരന്റെ കൊലപാതകം

1718 [2586] ശ്രീമതി കെ. ആർ. ഗൗരി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1982 ജൂൺ ഒന്നാം തീയതി തിരുവനന്തപുരം കനകനഗറിൽവെച്ച് മുരളീധരൻ എന്ന യുവാവിനെ കൊലപ്പെടുത്തിയതു സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ;

(ബി) എങ്കിൽ ആരുടെ പേരിൽ;

(സി) പ്രസ്തുത കേസിന്റെ ക്രൈം നമ്പർ എത്ര?

ഉത്തരം

(എ) ഉണ്ട്.

(ബി) തിരുവനന്തപുരം അഞ്ചാമട പകുതിയിൽ പൂതിച്ചക്കോണം മുറിയിൽ ജവഹർ നഗറിൽ വലിയവിള വീട്ടിൽ വേലായുധൻ നായർ മകൻ ജയൻ എന്നു വിളിക്കുന്ന ജയചന്ദ്രൻ നായരുടെ പേരിൽ.

(സി) മ്യൂസിയം പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 115/82.

വിശ്വംഭരന്റെ കൊലപാതകം

1719 [2587] ശ്രീമതി കെ. ആർ ഗൗരി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 24-5-1982-ൽ ചാലക്കമ്പോളത്തിൽവച്ച് വിശ്വംഭരൻ എന്ന ആൾ കൊല ചെയ്യപ്പെട്ടതു സംബന്ധിച്ച് കേസ്സുകൾ എന്തെങ്കിലും രജിസ്റ്റർ ചെയ്തിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര പേരുടെ പേരിൽ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത കേസ്സിലെ പ്രതികളെ ആരെയെങ്കിലും അറസ്റ്റ് ചെയ്യാനുണ്ടോ;

(ഡി) പ്രസ്തുത കേസ്സിന്റെ ക്രൈം നമ്പർ എത്ര;

(ഇ) കേസ് രജിസ്റ്റർ ചെയ്തത് ഏതു പോലീസ് സ്റ്റേഷനിലായിരുന്നു;

(എഫ്) എന്നായിരുന്നു രജിസ്റ്റർ ചെയ്തത്?

ഉത്തരം

(എ) ഉണ്ട്.

(ബി) ഒരാളിന്റെ പേരിൽ

(സി) ചാലക്കമ്പോളത്തിലെ ചുമട്ടുതൊഴിലാളി സുൽത്താൻ എന്നു വിളിക്കുന്ന കൃഷ്ണൻകുട്ടിയെ അറസ്റ്റ് ചെയ്യേണ്ടതുണ്ട്.

(ഡി) ഫോർട്ട് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 187/82

(ഇ) ഫോർട്ട് പോലീസ് സ്റ്റേഷനിൽ.

(എഫ്) 24-5-1982-ൽ.

ഹസ്സൻ ബാവയുടെ കൊലപാതകം

1720 [2588] ശ്രീമതി കെ. ആർ. ഗൗരി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1982 മേയ് 24-ാം തീയതി പേരൂർക്കടയിൽവെച്ച് ഹസ്സൻ ബാവ എന്നയാളെ കൊലപ്പെടുത്തിയത് സംബന്ധിച്ച് കേസ്സുകൾ എന്തെങ്കിലും രജിസ്റ്റർ ചെയ്തിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര പേരുടെ പേരിൽ;

(സി) പ്രസ്തുത കേസ്സിന്റെ ക്രൈം നമ്പർ എത്ര?

ഉത്തരം

(എ) പേരൂർക്കട പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 117/82 അൺനാച്ചറൽ ഡത്ത് എന്ന ശീർഷകത്തിൽ ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ആരേയും പ്രതിയായി കേസ് രജിസ്റ്റർ ചെയ്തിട്ടില്ല.

(സി) (എ) യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

ജനകീയ പ്രകടനങ്ങൾക്ക് നേരേ നടത്തിയ വെടിവെയ്പ്പുകൾ

1721 [2590] ശ്രീമതി കെ. ആർ. ഗൗരി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജനകീയ പ്രകടനങ്ങൾക്കു നേരേ എത്ര വെടിവയ്പ്പുകൾ നടന്നിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly